'ഭരണഭാഷ- മാതൃഭാഷ'

കേരള സർക്കാർ

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ്-ജിസിഡിഎ-എൽ.ഐ.ജി ഭവന വായ്പ സ്കീമിൽ വായ്പ നം.37435 ആയി ശ്രീ.ടി.കെ.ബാബുവിന് അനുവദിച്ച വായ്പ-വായ്പകുടിശ്ശികയുടെ പിഴപ്പലിശ ഒഴിവാക്കാൻ അനുമതി നൽകി ഉത്തരവാകുന്നു.

---

**തദ്ദേശ സ്വയം ഭരണ (ഐ.എ) വകുപ്പ്**

**സ.ഉ.(സാധാ) നം.1750/2019/ത.സ്വ.ഭ.വ** തീയതി,തിരുവനന്തപുരം, 13/08/2019

---

പരാമർശം:- ജിസിഡിഎ സെക്രട്ടറിയുടെ 16.09.2018, 28.02.2019-ലെ 37435/എൽ.11/എൽ.ഐ.ജി/ലോൺ/ജിസിഡിഎ നമ്പർ കത്ത്.

**ഉത്തരവ്**

വിശാല കൊച്ചി വികസന അതോറിറ്റിയിൽ നിന്നും ശ്രീ.ടി.കെ.ബാബുവിന് എൽ.ഐ.ജി ഭവന വായ്പ സ്കീമിൽ വായ്പ നം.37435 ആയി 1991-ൽ അനുവദിച്ച ഭവനവായ്പയിൽ, ടിയാൻ നാളിതുവരെയായി തുകയൊന്നും തിരിച്ചടച്ചിട്ടില്ലയെന്നും ടിയാന് അസുഖം മൂലം ജോലിക്ക് പോകാൻ കഴിയാത്തതിനാൽ പണമൊന്നും അടക്കാൻ കഴിഞ്ഞിട്ടില്ലെന്നും ഇപ്പോൾ താമസിക്കുന്ന വീട് വാസയോഗ്യമല്ലാതായെന്നും സർക്കാരിന്റെ ലൈഫ് പദ്ധതിയിൽ വീട് കിട്ടണമെങ്കിൽ ആധാരം വേണമെന്നും ആയതിനാൽ പലിശ, പിഴപ്പലിശ എന്നിവ ഒഴിവാക്കി നല്കണമെന്നും ടിയാൻ ജിസിഡിഎയിൽ അപേക്ഷിച്ചതിന്റെ അടിസ്ഥാനത്തിൽ വായ്പ കുടിശ്ശികയിൽ നിന്നും പിഴപ്പലിശ ഒഴിവാക്കി നല്കുന്നതിനു അതോറിറ്റിയുടെ എക്സിക്യൂട്ടീവ് കമ്മിറ്റി തീരുമാനിച്ച സർക്കാർ അനുമതിക്കായി പരാമർശ കത്ത് പ്രകാരം സർക്കാരിനോട് അഭ്യർഥിക്കുകയുണ്ടായി.

2. സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. സർക്കാരിന് യാതൊരു ബാദ്ധ്യതയുമുണ്ടാകില്ല എന്ന വ്യവസ്ഥയിൽ ഇതൊരു പ്രത്യേക കേസായി പരിഗണിച്ച് ജിസിഡിഎയുടെ എൽ.ഐ.ജി ഭാവനവായ്പ്പ സ്കീമിൽ വായ്പ നം.37435 ആയി എടുത്ത ശ്രീ.ടി.കെ.ബാബുവിന്റെ വായ്പ കുടിശ്ശികയിലെ പിഴപ്പലിശ ഒഴിവാക്കാൻ ജിസിഡിഎ സെക്രട്ടറിക്കു അനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**ജയശ്രീ എൽ**

**അണ്ടർ സെക്രട്ടറി**

സെക്രട്ടറി, വിശാല കൊച്ചി വികസന അതോറിറ്റി
ഡയറക്ടർ, സ്റ്റേറ്റ് ആഡിറ്റ് വകുപ്പ്
അക്കൗണ്ടന്റ് ജനറൽ (എ&ഇ) (ആഡിറ്റ്), കേരളം, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
കരുതൽ ഫയൽ/ഓഫീസ് കോപ്പി

**ഉത്തരവിൻ പ്രകാരം**

**സെക്ഷൻ ഓഫീസർ**